LIBRARY ARCHIVES Kerala Legislative Assembly

എൻഡോസൾഫാൻ ദുരന്തം

4 (*3) ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻഡോസൾഫാൻ ദുരന്തത്തെക്കുറിച്ച് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) എൻഡോസൾഫാൻ ദുരന്തത്തെക്കുറിച്ച് കേന്ദ്ര സംഘം പഠനം ആരംഭിച്ചിട്ടുണ്ടോ ;

(സി) എന്തെല്ലാം വിഷയങ്ങളാണ് കേന്ദ്ര സംഘത്തിന്റെ പഠനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(ഡി) എൻഡോസൾഫാൻ ദുരിതബാധിതർക്കായി കേന്ദ്ര സർക്കാർ എന്തെങ്കിലും സഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോ ; സംസ്ഥാന സർക്കാർ എന്തെല്ലാം സഹായങ്ങൾ ചെയ്യുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഇ) എൻഡോസൾഫാൻ ദുരന്തം സംബന്ധിച്ച കേന്ദ്ര മനുഷ്യാവകാശ കമ്മീഷന്റെ നിരീക്ഷണങ്ങളും ശുപാർശകളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ,

(എ) എൻഡോസൾഫാന്റെ ഉൽപ്പാദനവും വിതരണവും രാജ്യത്തൊട്ടാകെ നിരോധിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ എൻഡോസൾഫാൻ ബാധിതർക്ക് ആരോഗ്യപരമായും സാമ്പത്തികമായും സഹായം ലഭ്യമാക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് കൂടുതൽ പഠനങ്ങൾ ഇനി അവശ്യമില്ല എന്നും, പഠനസമിതിയെ നിയോഗിക്കുന്നത് പ്രായോഗികമല്ലായെന്നും, എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ ഒരു സ്പെഷ്യൽ പാക്കേജാണ് ആവശ്യമെന്നും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ബി&സി) കേന്ദ്ര സംഘത്തിന്റെ പഠനത്തെക്കുറിച്ചുള്ള അറിയിപ്പുകളൊന്നും കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടില്ല.

(ഡി) കേന്ദ്ര സർക്കാർ നാളിതുവരെ സഹായങ്ങളൊന്നും വാഗ്ദാനം ചെയ്തിട്ടില്ല. സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ ദുരിതബാധിതർക്കായി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) ഉണ്ട്. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ നിരീക്ഷണങ്ങളും ശുപാർശകളും അടങ്ങിയ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം II ആയി ചേർത്തിരിക്കുന്നു.* ശുപാർശകളിൽ ആവശ്യമായ അനന്തര നടപടി സ്വീകരിച്ചുവരുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു : സർ, എൻഡോസൾഫാൻ ദുരിത ബാധിതരെ സഹായിക്കുന്നതിനായി എൽ.ഡി.എഫ്. ഗവൺമെന്റും പ്രത്യേകിച്ച് ശ്രീ. വി. എസ്. അച്ചുതാനന്ദനും എടുത്ത നടപടികൾ കേരളമാകെയും, പ്രത്യേകിച്ച് കാസർഗോഡ് ജില്ലയിലേയും ജനങ്ങൾ അഭിനന്ദിക്കുകയാണ്. നിരവധി സഹായങ്ങൾ ഇതിനകം ചെയ്തുകൊടുത്തിട്ടുണ്ട്. എന്നാൽ ദുരിതബാധിതർ വിവിധ ബാങ്കുകളിൽനിന്നായി കുറെ വായ്പകൾ എടുത്തിട്ടുണ്ട്. ആ വായ്പകൾ തിരിച്ചടയ്ക്കാൻ കഴിയാതെ അവർ വലിയ വിഷമത്തിലാണ്. അതുകൊണ്ട് ബാങ്കുകളിൽനിന്നും എടുത്തിട്ടുള്ള വായ്പകൾ എഴുതിത്തള്ളുകയോ അല്ലെങ്കിൽ സർക്കാർ ഏറ്റെടുക്കുകയോവഴി കടക്കെണിയിൽപ്പെട്ടുപോയ എൻഡോ സൾഫാൻ ദുരിതബാധിതരെ രക്ഷിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ :സർ, വിവിധ ബാങ്കുകളിൽനിന്നും കടമെടുത്തിട്ടുള്ള എൻഡോസൾഫാൻ ദുരിത ബാധിതരുടെ പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തിയശേഷം കേന്ദ്ര ഗവൺമെന്റിന്റെ പാക്കേജനുസരിച്ച് അവർക്കാ വശ്യമായ സഹായങ്ങൾ നൽകണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്നതോടൊപ്പംതന്നെ സംസ്ഥാന ഗവൺമെന്റും ആ കണക്ക് കിട്ടിയാലുടൻതന്നെ ആവശ്യമായ സഹായങ്ങൾ നൽകുന്നതാണ്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു : സർ, കേന്ദ്ര സർക്കാർ ഇതുവരെയും എൻഡോസൾഫാൻ ദുരിത ബാധിതർക്ക് ഒരു സാമ്പത്തിക സഹായവും നൽകിയിട്ടില്ലെന്നു മാത്രമല്ല കഴിഞ്ഞ കാലത്ത് യു.ഡി.എഫ്. സർക്കാരും ഇക്കാര്യത്തിൽ ഇടപെട്ട് ഒരു സഹായവും ചെയ്തിട്ടില്ല. കാസർഗോഡ് ജില്ലയിലുള്ള അസാധാരണമായ ഈ രോഗങ്ങൾക്ക് കാരണം എൻഡോ സൾഫാൻ അല്ല എന്നാണ് കേന്ദ്ര ഗവൺമെന്റിന്റെ വിലയിരുത്തൽ. സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് നൂറുകോടി രൂപ ഇതിനകം ആവശ്യപ്പെട്ടിട്ടുണ്ടെന്ന് പറഞ്ഞു. കേന്ദ്ര പാക്കേജിൽ എന്തെല്ലാം കാര്യമാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ; കേന്ദ്ര ഗവൺമെന്റ് ഈ തുക നൽകാൻ ഇതുവരെ തയ്യാറായിട്ടുണ്ടോ ; ഇത് നൽകുമെന്ന് ഉറപ്പുണ്ടോ ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, എൻഡോസൾഫാൻ പ്രശ്നത്തെ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ സമീപനം വ്യത്യസ്തമാണെന്ന് ബഹുമാനപ്പെട്ട മെമ്പർതന്നെ പറഞ്ഞു കഴിഞ്ഞു. 76-ഓളം രാജ്യങ്ങൾ ഇത് അവരുടെ രാജ്യങ്ങളിൽ നിരോധിച്ചിട്ടുണ്ടെന്ന് പറഞ്ഞപ്പോൾ വ്യത്യസ്തമായ ഒരു ശബ്ദമുണ്ടായത് ഇൻഡ്യയുടെ പ്രതിനിധിയിൽനിന്നാണ്. അതുപോലെതന്നെ കേരളത്തിന്റെ പ്രതിനിധിയും ഇതിന്റെ ആവശ്യമില്ലെന്ന് പറഞ്ഞെങ്കിലും പിന്നീട് അദ്ദേഹം കേരളത്തിന്റെ സ്ഥിതിഗതികളാകെ മനസ്സിലാക്കിയിട്ട്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

തിരുത്തുകയുണ്ടായി. എന്നിട്ടും കേന്ദ്ര ഗവൺമെന്റിന്റെ പഴയ സമീപനത്തിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ലെന്നുള്ളത് പ്രതിഷേധാർഹം മാത്രമല്ല, ദുഃഖകരവുമാണ്. ഇതുസംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിനോട് നിരന്തരമായി ആവശ്യപ്പെടാനാണ് സംസ്ഥാന ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. കടമെടുത്തിട്ടുള്ള കടക്കാർക്ക് ആശ്വാസം നൽകുന്നതിന് ആവശ്യമായ നടപടികൾ സംസ്ഥാന ത്തിന്റെ ശക്തിക്ക് അനുയോജ്യമായിട്ടുള്ള നിലയിൽ ചെയ്യുന്നതാണ്.

ശ്രീ. കെ. കുഞ്ഞിരാമൻ : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കേരളാ ഗവൺമെന്റും എൻഡോസൾഫാൻ വിഷയത്തിൽ വളരെ ശ്ലാഘനീയമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. അതിന് ഗവൺമെന്റിനെ അഭിനന്ദിക്കുകയാണ്. ഇൻഡ്യയിൽ എൻഡോസൾഫാന്റെ ഉല്പാദനം, വിതരണം, ഉപയോഗം ഇതെല്ലാം ഇൻഡ്യാ ഗവൺമെന്റിന്റെ നയത്തിന്റെ ഭാഗമായിട്ടാണ് നടക്കുന്നതെന്നാണ് കേന്ദ്രമന്ത്രി പ്രൊഫ. കെ. വി. തോമസ് നമ്മുടെ രാജ്യത്തുവന്ന് പറഞ്ഞിട്ടുള്ളത്. നൂറുകണക്കിന് ആളുകളെ കൊലചെയ്ത, പതിനാല് പഞ്ചായത്തുകളിലായി ആയിരക്കണക്കിന് കുടുംബങ്ങളെ ദുരിതത്തിന്റെ തീരാക്കയത്തിലാഴ്ത്തിയ കേന്ദ്ര ഗവൺമെന്റിന്റെ ഈ നയം മാറ്റിത്തീർക്കുന്നതിന് ഈ ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, കേന്ദ്ര ഗവൺമെന്റിന്റെ ആ തെറ്റായ നടപടി തിരുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് പലപ്രാവശ്യം പ്രധാനമന്ത്രിയേയും മറ്റ് മന്ത്രിമാരെയുമെല്ലാം അറിയിച്ചിട്ടുണ്ട്. പക്ഷേ അവർ ഇതുവരെ തിരുത്തിയിട്ടില്ല. തിരുത്തുമെന്നുള്ള പ്രത്യാശയാണ് നമ്മൾ ഇപ്പോഴും വച്ചുപുലർത്തുന്നത്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, കാസർഗോഡ് ജില്ലയിലെ എൻഡോ സൾഫാൻ പ്രശ്നത്തിന്റെ പ്രാധാന്യം പരിഗണിച്ച് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും സഹായം നേടിയെടുക്കുന്നതിനുംവേണ്ടി ഒരു സർവ്വകക്ഷി നിവേദക സംഘം പോകാൻ ശ്രമിക്കുമെന്ന് അങ്ങ് ഒരു യോഗ ത്തിൽ ഉറപ്പുനൽകിയിരുന്നു. അങ്ങനെ ഒരു സർവ്വകക്ഷി നിവേദക സംഘം പോകാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഈ സഹായധനം നേടിയെടുക്കാൻ ശക്തമായ സമ്മർദ്ദം എന്ന നിലയിൽ അതിനെ ഉപയോഗപ്പെടുത്തുമോ ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, അതിനുവേണ്ടിയുള്ള ശ്രമം സംസ്ഥാന ഗവൺമെന്റ് നടത്തിവരികയാണ്.

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : സർ, ഏലം, കുരുമുളക്, തേയില തുടങ്ങിയ തോട്ട വിളകളിൽ എൻഡോസൾഫാൻ കേരളത്തിൽ പല പേരുകളിൽ ഉപയോഗിക്കുന്നതുമൂലം എറണാകുളം ജില്ലയിലേയും ആളുകൾ വളരെ ഉത്കണ്ഠാകുലരാണ്. ഇടുക്കി ജില്ലയിൽ വരാൻ പോകുന്ന എൻഡോ സൾഫാന്റെ വിപത്ത് തടയുന്നതിനുവേണ്ടി ഒരു പഠനം നടത്തി കേന്ദ്ര സർക്കാരിൽനിന്നും മുൻകൂട്ടി സഹായം തേടുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, ഇടുക്കി ജില്ലയിൽ ചില മേഖലകളിൽ ഇതിന്റെ ഉപയോഗമുണ്ടെന്നുള്ള വിവരമറിഞ്ഞപ്പോൾത്തന്നെ അതുസംബന്ധിച്ച് ഗൗരവമായി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ചുമതല പ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, എൻഡോസൾഫാൻ ദുരന്തം കാരണം എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്നും അവരുടെ ആശ്രിതരിൽ എത്ര പേർക്ക് എന്തു തുക വീതം സാമ്പത്തിക സഹായം നൽകിയിട്ടുണ്ടെന്നും ബാക്കിയുള്ളവർക്ക് അഞ്ചുലക്ഷത്തിൽ കുറയാത്ത തുക സാമ്പത്തിക സഹായം നൽകാനും ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : അനുബന്ധം 1 ബഹുമാനപ്പെട്ട അംഗം വായിക്കാതെ വന്നതിന്റെ ഫലമായിട്ടാണ് ഇങ്ങനെ ചോദിക്കാൻ ഇടയായത്. അത് വായിച്ചാൽ വിശദമായി മനസ്സിലാക്കാൻ കഴിയും. അത് ചെയ്യണമെന്ന് അദ്ദേഹത്തോട് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

[ചോദ്യോത്തര സമയം കഴിഞ്ഞു.]

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

റേഷൻ കടകൾവഴി നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യാനുള്ള പദ്ധതികൾ

5 (*4) ശ്രീ. ബാബുപോൾ :
ശ്രീ. എൻ. രാജൻ :
ശ്രീ. എ. കെ. ചന്ദ്രൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റേഷൻ കടകൾവഴി കൂടുതൽ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇപ്പോൾ റേഷൻ കടകൾവഴി ഏതെല്ലാം ഇനം നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നുണ്ടെന്നും പുതിയ പദ്ധതിപ്രകാരം ഏതെല്ലാം ഇനം സാധനങ്ങൾകൂടി വിതരണം ചെയ്യാനുദ്ദേശിക്കുന്നുണ്ടെന്നും വിശദമാക്കുമോ ;

(സി) ഈ പദ്ധതിക്ക് കേന്ദ്ര സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര സഹായമാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) പുതിയ പദ്ധതി നടപ്പിലാക്കുന്നതിന് വരുന്ന മൊത്തം ചെലവ് എത്രയാണെന്ന് വെളിപ്പെടുത്തുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി (ശ്രീ. സി. ദിവാകരൻ) :

(എ) ഉണ്ട്.

(ബി) ഇപ്പോൾ ശബരി എ.ആർ.ഡി. പദ്ധതിപ്രകാരം 1674 റേഷൻ കടകളിലൂടെ എല്ലാ നിത്യോപയോഗ സാധനങ്ങളും മാവേലി സ്റ്റോറുകളിലെ വിലയ്ക്ക് വിൽക്കുന്ന പദ്ധതി നിലവിലുണ്ട്. കൂടാതെ എല്ലാ റേഷൻ

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. ടി. എൻ. പ്രതാപൻ : ഒരു കാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. യാതൊരു സംശയവും വേണ്ട. ഈ ഗവൺമെന്റിന്റെ അവസാനത്തെ യാത്രയുടെ.....

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് അവസാനിപ്പിച്ചു. ഇനി ലാസ്റ്റ് വേർഡില്ല, കഴിഞ്ഞു.

ശ്രീ. ടി. എൻ. പ്രതാപൻ : സർ, മൂന്നു മിനിട്ടായിട്ടേയുള്ളൂ. എല്ലാവർക്കും അഞ്ചു മിനിട്ടാണ് കൊടുത്തത്. കേരളത്തിൽ മേയ് മാസം കഴിഞ്ഞാൽ ....(തടസ്സം).... അതുകൊണ്ട് ഈ നന്ദിപ്രമേയത്തെ പൂർണ്ണമായും തള്ളിക്കളയുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2011 ഫെബ്രുവരി മാസം 8-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 3.42-ന് പിരിഞ്ഞു.)

അനുബന്ധം I

[നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 3(*3)-ന്റെ ഉത്തരങ്ങൾ ദയവായി കാണുക]

• കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ചികിത്സ, പുനരധിവാസ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനായി കാസർഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും, കാസർഗോഡ് ജില്ലാ കളക്ടർ കൺവീനറുമായിക്കൊണ്ട് ഒരു പ്രത്യേക സെൽ പ്രവർത്തിക്കുന്നു - "എൻഡോസൾഫാൻ വിക്ടിംസ് റിലീഫ് & റെമഡിയേഷൻ സെൽ". ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ഈ സെല്ലിന് 50 ലക്ഷം രൂപ സർക്കാർ അനുവദിച്ചു. രോഗികൾക്ക് ശസ്ത്രക്രിയ ഉൾപ്പെടെയുള്ള വിദഗ്ധ ചികിത്സയും ദുരിതബാധിതരിൽ വൈകല്യം അനുഭവിക്കുന്നവർക്ക് ദൃശ്യ, ശ്രവ്യ ചലനോപകരണങ്ങളും സെല്ലിന്റെ ആഭിമുഖ്യത്തിൽ ലഭ്യമാക്കിവരുന്നു.

• ദുരിതബാധിതരിൽ മരണമടഞ്ഞ 178 പേരുടെ അവകാശികൾക്ക് 50,000 രൂപ വീതം സർക്കാർ സാമ്പത്തിക സഹായം നൽകിയിരുന്നു (2006, 2008 വർഷങ്ങളിലായി).

• ദുരിതബാധിതർക്ക് ചികിത്സാ പുനരധിവാസ സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 128 ലക്ഷം രൂപ അനുവദിച്ചു.

• അലോപ്പതി, ആയുർവ്വേദ, ഹോമിയോപ്പതി മേഖലകളിലെ മെഡിക്കൽ ഓഫീസർമാർ, ഫിസിയോതെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ (എം.ആർ.), സൈക്യാട്രിക്ക് സോഷ്യൽ വർക്കർ തുടങ്ങിയവർ

LIBRARY ARCHIVES Kerala Legislative Assembly

ഉൾക്കൊള്ളുന്ന മൊബൈൽ മെഡിക്കൽ ടീം വഴി രോഗികൾക്ക് ചികിത്സ ലഭ്യമാക്കുന്നു. നിർദ്ദേശിക്കപ്പെട്ട ദിവസങ്ങളിൽ ക്യാമ്പുകളിൽ എത്തുന്ന രോഗികളെ പരിശോധിച്ച് ചികിത്സ ലഭ്യമാക്കുന്ന മെഡിക്കൽ സംഘം കിടപ്പിലായ രോഗികൾക്ക്വേണ്ടി അവരുടെ വീടുകളിലെത്തി സാധ്യമായ സേവനങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യുന്നു.

ദുരിതബാധിതർക്കായി നടപ്പിലാക്കുന്ന മറ്റ് ചില പരിപാടികൾ :-

- മെഡിക്കൽ കോളേജുകളിലെ വിദഗ്ധ ഡോക്ടർമാരെ ഉൾപ്പെടുത്തി ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തി രോഗികളിൽ അർഹരായ ആളുകൾക്ക് തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽനിന്നും സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനായി സ്മാർട്ട് കാർഡ് നൽകുന്ന പ്രവർത്തനം നടന്നുവരുന്നു.

- ദുരിതബാധിതരിൽ കിടപ്പിലായ രോഗികളെ പരിചരിക്കുന്നവർക്ക് പ്രതിമാസം 300 രൂപ വീതം സാമ്പത്തികസഹായം നൽകുന്നു.

- ദുരിതബാധിതർക്ക് പ്രതിമാസം 400 രൂപ വീതം സാമ്പത്തിക സഹായം നൽകുന്നു.

- എൻഡോസൾഫാൻ വിഷബാധമൂലം തൊഴിലെടുക്കാനാകാതെ വീട്ടിൽ കഴിയുന്നവർക്കുള്ള ധനസഹായം പ്രതിമാസം 2000 രൂപയായും മറ്റ് രോഗികൾക്ക് പ്രതിമാസം 1000 രൂപയായും അനുവദിച്ചിട്ടുണ്ട്.

- എൻഡോസൾഫാൻ കീടനാശിനിമൂലമുള്ള രോഗത്താൽ കിടപ്പിലായവരുടെ കുടുംബങ്ങൾക്ക് കിലോഗ്രാമിന് 2 രൂപ നിരക്കിൽ റേഷൻ ലഭ്യമാക്കുന്നു.

- എൻഡോസൾഫാൻ ദുരിതബാധിതർക്ക് സൗജന്യ റേഷൻ ലഭ്യമാക്കുന്നു.

അനുബന്ധം I A

[നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ 3(*3)-ന്റെ ഉത്തരങ്ങൾ കാണുക]

NATIONAL HUMAN RIGHTS COMMISSION
FARIDKOT HOUSE
NEW DELHI

Name of the complaint : *Suo motu*

Case No. : 477/11/6/2010

Date : 31st December, 2010

CORAM

Justice Shri K. G. Balakrishnan, Chairperson
Justice Shri B. C. Patel, Member
Shri Satyabrata Pal, Member

LIBRARY ARCHIVES Kerala Legislative Assembly

PROCEEDINGS

In 2001, taking cognizance of reports in the media that the aerial spraying of the pesticide endosulfan in the District of Kasargod in Kerala had led to severe health hazards, the Commission asked the Indian Council of Medical Research for a report which was submitted in July, 2002 by one of its constituent institutions, the National Institute of Occupational Health (NIOH), after a thorough environment epidemiological study conducted to regorous scientific standards, and which took into account earlier investigations and surveys.

The two most important conclusions of the study were :- "There is significant higher prevalence of neurobehaviourial disorders, congenital malformations in female subjects and abnormalities related to male reproductive system in the study group (Padre Village, Enmakaje Panchayat) as compared to the reference group (Miyapadvade village of Meenja Panchayat.)

Regarding the aetiological factors responsible for these health problems various factors were compareds and it was found that the two groups differed mainly with respect to aerial spray of endosulfan. Therefore, the most probable cause for the health problems in the study area could be relatively high and continued exposures to endosulfan through various environmental media such as food, water, soil and air"

Based on these conclusions, the NIOH made a series of recommendations among which the most important were the following:-

"The possibility of endocrine disrupting effect of endosulfan observed in the study has great relevance to the health of the future generations Considering the potentiality of grave consequence, the Principle 15 of the Rio Declaration of the Earth Summit should be followed. This relates to the precautionary principle and emphasizes that lack of scientific certainty is no reason to postpone action to avoid potentially serious or irreversible harm to the environment.

The populations included in the present study should be followed up for the detection of endocrine related cancers ....

The affected persons should be provided relief"

The Commission has been informed that, through the Government of Kerala forbids the use of endosulfan, this ban has been easily circumvented. In Kasargod, aerial spraying stopped in 2000, but the

LIBRARY ARCHIVES Kerala Legislative Assembly

problems studied by the NIOH continue with a new generation of children being affected, this confirms the fears that the NIOH expressed about the impact of endosulfan, once absorbed in the environment on the health of future generations.

The Commission found this deeply disturbing and asked the Government of India for its views. It has been informed by the Ministry of Agriculture that the Government does not believe endosulfan causes problems and as a State Party to the Stockholm Convention on Pemistent Organic Pollutants opposes efforts to have it listed as one of the Annex A Chemicals, which are those that must be eliminated. The Commission was also informed that the Government of India has asked the ICMR to review the NIOH study.

Taking cognizance of fresh reports received in November 2010 the Commission sent a team of its officers to do an independent investigation which confirmed a continued high incidence of the medical disorders recorded by the NIOH and found that the relief sanctioned by the Government of Kerala has made very little impact because it is meagre irregular and sometimes siphoned off before it reaches the intended beneficiaries.

The commission finds this inexplicable because developments abroad have vindicated and gone beyond the conclusions that the NIOH reached in 2002. In the eight years that have elapsed since then, endosulfan has been banned in over 60 countries including all the major industrial nations not because it was an inefficient pesticide but because independent studies there had confirmed that its commercial utility was far outweighed by the great harm it caused to human health, to flora and fauna and to the environment. The governments of these countries, therefore put the right to health of their citizens the lives of future generations and the protection of the environment above the commercial interests of the producers and users of endosulfan.

At the last meeting of the Review Committee of the Stockholm Convention in October, 2010 which recemmended that endosulfan should be listed as an Annex, A chemical the Commission is told that India called for a vote in which it was the only country that voted against.

The Government of India claimed at that meeting and in its response to the Commission, that there is no scientific basis for the action recommended by the experts of the Stockholm Convention or for

LIBRARY ARCHIVES Kerala Legislative Assembly

the ban already imposed by other nations. The commission is at a loss to understand the logic of this stand. The countries that have banned endosulfan are those that have access to the most advanced scientific research, they include the U.D., the E.U., Japan, the Republic of Korea, Australia and New Zealand which have taken their decision on the basis of scientific data and studies.

The Government of India does indeed have independent but similar scientific evidence. The comphrehensive scientific study carried out by the NIOH confirmed well before this was accepted in some other countries that have now imposed a ban, that endosulfan had serious and long-term effects on health and on the environment. When it claims a lack of scientific evidence the Government of India is either being disigenuous or disowning the work of the premier institute of medical research that it has set up. Its directives to the ICMR to review its study implies that the Government finds its conclusions inconvenient. The Commission is as deeply troubled by the implications of this stand as by the consequences it has already had on human rights in India and quite possibly in other countries to which India companies have exported endosulfan.

The Commission reiterates that the present stand of the Government of India has led and will continue to lead to grave violations of human rights. Since endosulfan is a persistent organic pollutant the dangers it poses will linger and multiply through the generations causing harm on a scale that cannot presently be fully quantified.

In a Writ Petition O.P.Nos.20716 and 17026 of 2002 filed as Public Interest Litigation before the High Court of Kerala against the use of endosulfan the Learned Single Judge (Shri Srikrishna C. J., as he then was) made the following observations :-

"After anxious soul searching we have reached the conclusion that between the two alternative we must err on the safer side and choose the alternative which has less cangerous implications. If, ultimately it is proved that ENDOSULFAN is an innocuous substance not toxic and dangerous to human life and health prohibiting its sale and distribution for a few months may perhaps result in nothing more than economic loss to the manufacturers. It is not as if the agricultural production in this country would come to a stand still if ENDOSULFAN is not used. There are several other insecticides which are registered under the

LIBRARY ARCHIVES Kerala Legislative Assembly

Insecticides Act which could be used with equal efficiency. On the other hand if it turns out that it is a toxic substance and its continued use had adverse effects on human beings and life and environment we would have endangered life and health of the citizens. We have therefore, decided to choose the lesser evil and purely as a precautionary measure to impose a temporary ban on the use of ENDOSULFAN within the State pending the decision of the Central Government on consideration of the report of the expert committee appointed by it. We hope that the Central Government will expodite its decision".

The Commission called for a meeting of its Core Group of Health on 24th December, 2010 and the members of the Core Group unanimously expressed the view that the use of endosulfan be banned in India.

Basing itself on the findings of the NIOH study which in the opinion of its authors continue to be valid and those of the Commission's team which in December, 2010 looked at the problems that the victims continue to face, together with the advise of the distinguished medical specialists on its Core Group on Health with whom it has urgently consulted the Commission makes the following recommendations :-

To the Government of India it recommends that :-

1. The Government to take administrative and legislative action to ban the use of endosulfan.
2. Conduct a nation-wide survey of populations that have been affected by the use of endosulfan particularly sprayed from the air to determine the scope of relief and rehabilitation that may be needed.
3. Supplement the efforts of the Government of Kerala (and of other State Government where victims of endosulfan use are found) in the provision of relief and long-term rehabilitation; and
4. Join ther international consensus at the next meeting in April, 2011 of the State Parties of the Stockholm Convention and permit the listing of endosulfan as an Annex A chemical.

LIBRARY ARCHIVES Kerala Legislative Assembly

5. As the victims are in large number about six thousand in small locality of eleven village namely Kayyur-Cheemeni, Ajanur, Pullur-Periya, Kallar, Panathady, Muliyar, Karadka, Kurrbadje, Badiadka, Bellur and Enmakaje, a Centralls Sponsored Palliative Care Centre/Hospital should be established for Kasaragod District and sufficient and effective ambulance services be provided to all physically handicapped or mentally retarded victims with adequate and trained staff. State Government should render all help to establish the said Palliative Care Centre/Hospital.

To the Government of Kerala the Commission Recommends that :-

1. The State should pay at least Rs. five lakhs to the next of kin of those who died and to those who were fully bed ridden/ unable to move without help or mentally retarded and Rs. three lakhs to those who have got other disability. A panel of doctor may assess the extent of physical disability to classify the categories of victims. The Union of India shall give adequate financial help to the State Government.
2. Conduct a survey of other populations that might also have been affected by the use of endosulfan including in Palakkad where there are reports of similar problems faced by villagers.
3. Increase the quantum of relief and rehabilitation for victims and their families and ensure that it is paid regularly and in full.
4. Improve the facilities for diagnosis, treatment and therapy available at hospitals and health centres that tend to the victims while ensuring that at least one of them is equipped and staffed to offer advanced care and all Primary Health Centres in the eleven villages which are seriously affected may be upgraded to Community Health Centres.

Response within eight weeks :

(Sd)

Justice K. G. Balakrishnan
Chairperson

(Sd)

Justice B. C. Patel
Member

(Sd)

Satyabrata Pal
Member

LIBRARY ARCHIVES Kerala Legislative Assembly